**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*229.** **05.05.2017 ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ മദ്യനയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ടി.എ.അഹമ്മദ് കബീർ<br>,, വി.കെ.ഇബ്രാഹിം കുഞ്ഞ്<br>,, സി.മമ്മൂട്ടി<br>,, പി.കെ.ബഷീർ : | | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | പുതിയ സർക്കാർ അധികാരമേറ്റ് ഒരു വർഷത്തോളമാകാറായിട്ടും മദ്യനയം രൂപപ്പെടുത്തി പ്രഖ്യാപിക്കാതിരുന്നതിന്റെ കാരണങ്ങൾ വിശദമാക്കുമോ; | (എ) | ദേശീയ/സംസ്ഥാന പാതയോരങ്ങളുടെ 500 മീറ്റർ ദൂരപരിധിക്കുള്ളിൽ മദ്യശാലകൾ പ്രവർത്തിക്കുവാൻ പാടില്ല എന്ന ബഹു: സുപ്രീംകോടതിവിധിന്യായത്തെ തുടർന്ന് ഉരുത്തിരിഞ്ഞ പുതിയ സാഹചര്യം, മലപ്പുറം ലോകസഭാ ഉപതെരഞ്ഞെടുപ്പിനോടനുബന്ധിച്ചുള്ള പെരുമാറ്റ ചട്ടം എന്നിവ കാരണം സംസ്ഥാനത്ത് പുതിയ മദ്യനയം പ്രഖ്യാപിക്കുന്നതിൽ കാലതാമസം നേരിട്ടിട്ടുണ്ട്. സംസ്ഥാനത്ത് മദ്യനയം പ്രഖ്യാപിക്കുന്നതിന് കാലതാമസം നേരിട്ടതിനെ തുടർന്ന് 25.03.2017 ലെ GO(MS)16/2017/TD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കള്ളുഷാപ്പുകളുടെ ലൈസൻസ് നിലവിലുള്ള നിരക്കിന്റെ ആനുപാതിക ലൈസൻസ് ഫീസ് ഈടാക്കിക്കൊണ്ടും മറ്റ് പൊതുവ്യവസ്ഥകൾ പാലിച്ചുകൊണ്ടും 01.04.2017 മുതൽ 3 മാസത്തേക്കും, മറ്റ് ലൈസൻസുകൾ നിലവിലെ വ്യവസ്ഥകൾക്ക് വിധേയമായി, നിലവിലെ ലൈസൻസ് ഫീസ് |

| | | | |
|---|---|---|---|
| | | | ഈടാക്കികൊണ്ട് 01.04.2017 മുതലും പുതുക്കി നൽകിയിട്ടുള്ളതുമാണ്. |
| (ബി) | മദ്യനയം രൂപപ്പെടുത്താതെ കള്ളുഷാപ്പുകളുടെയും ബിയർ-വൈൻ പാർലറുകളുടെയും കാലാവധി നീട്ടി നൽകിയതിന്റെ മാനദണ്ഡം വ്യക്തമാക്കുമോ; | (ബി) | അബ്കാരി ആക്റ്റും അനുബന്ധചട്ടങ്ങളും അനുസരിച്ച് സർക്കാരിന് ഒരു നിശ്ചിത കാലയളവിലേയ്ക്ക് നിലവിലുള്ള മദ്യഷാപ്പുകളുടെ പ്രിവിലേജ് ദീർഘിപ്പിച്ച് നൽകുന്നതിനും ലൈസൻസ് കാലയളവ് ദീർഘിപ്പിച്ച് നൽകുന്നതിനും അധികാരം നൽകിക്കൊണ്ട് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. ടി മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടുള്ളത്. |
| (സി) | നയരൂപീകരണത്തിൽ കാലതാമസം വരുത്തിയതു മൂലം നിലവിലെ ലൈസൻസികൾക്കുണ്ടായ സാമ്പത്തിക ലാഭത്തെക്കുറിച്ച് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | നിലവിലുള്ള ലൈസൻസുകളുടെ കാലാവധി താല്ക്കാലികമായി നീട്ടിയതുകൊണ്ട് സർക്കാരിന് ലഭിക്കേണ്ട റവന്യൂ യഥാവിധി ഈടാക്കികൊണ്ട് മാത്രമാണ് നിലവിലുള്ള നിയമത്തിന് അനുസൃതമായി മദ്യഷാപ്പുകൾ പ്രവർത്തിക്കുന്നതിന് അനുമതി നൽകിയിട്ടുള്ളത്. ആയതിനാൽ നിലവിലെ ലൈസൻസികൾക്ക് സാമ്പത്തിക ലാഭം ഉണ്ടാകുന്നുവോ എന്നതിനെക്കുറിച്ച് വിലയിരുത്തേണ്ട ആവശ്യമില്ലായെന്ന് കാണുന്നു. കൂടാതെ ലൈസൻസികൾക്ക് സാമ്പത്തിക ലാഭം ഉണ്ടാക്കികൊടുക്കുകയെന്നുള്ളത് സർക്കാരിന്റെ നയമല്ല. |

**സെക്ഷൻ ഓഫീസർ**